# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി4)-131/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/05/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി4)-131/22 തീയ്യതി: 12/05/2022

## എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനു പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പോളി റ്റി.ഒ., ഓഡിറ്റ് ഓഫീസർ
ശ്രീ.എം.എസ്.ഗോപകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ് കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വൃന്ദ സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിബി സെബി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അബ്ദുൾ ജലീൽ കെ.എം. | സെക്രട്ടറി | 01-04-2019 | 02-04-2019 |
| ശ്രീ.സുനിൽ കുമാർ കെ.യു. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-04-2019 | 25-04-2019 |
| ശ്രീ.അബ്ദുൾ ജലീൽ കെ.എം. | സെക്രട്ടറി | 26-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സൗമ്യ പോൾ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| വൈശാഖ് ജി | അസ്സി. എൻജിനിയർ | 01-04-2019 | 31-03-2020 |
| രജിത | വെറ്റിനറി സർജൻ | 01-04-2019 | 06-08-2019 |
| ബേസിൽ പോൾ | വെറ്റിനറി സർജൻ | 07-08-2019 | 31-03-2020 |
| ഡിന്ന പി ഡേവീസ് | ഐ സി ഡി എസ് സൂപ്പർ വൈസർ | 01-04-2019 | 18-12-2019 |
| സീന ഉത്തമൻ | ഐ സി ഡി എസ് സൂപ്പർ വൈസർ | 19-12-2019 | 31-03-2020 |
| ലിസ്സി കെ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാടപ്പാറ | 01-04-2019 | 07-06-2019 |
| സ്മിത കെ ശശീന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാടപ്പാറ | 08-06-2019 | 31-03-2020 |
| ഓമന കുമാരി | ഹെഡ് മാസ്റ്റർ, ഗവ. എൽ പി സ്കൂൾ | 01-04-2019 | 31-03-2020 |
| സുനിൽ കുമാർ കെ യു | അസ്സി. സെക്രട്ടറി, | 01-04-2019 | 24-07-2019 |
| ജയരാജ് ഐ പി | അസ്സി. സെക്രട്ടറി, | 25-07-2019 | 31-03-2020 |
| ഗോപകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 28-06-2019 |
| സുനിൽ കുമാർ എം.ബി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 29-06-2019 | 31-03-2020 |
| ഡോ.ഷൈമ സലിം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.K.Minu (Audit Officer, On 19-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപ്പത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 16-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 16-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Vrinda C S (Senior Grade Auditor, On 19-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-9 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-10 |
| 13 | ഗ്രാമസഭ<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-11 |
| 14 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ<br>Written By: Vrinda C S (Senior Grade Auditor, On 19-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-12 |
| 15 | സാംഖ്യയിൽ ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ ക്യാൻസൽ ചെയ്തില്ല -1590 രൂപ നഷ്ടം<br>Written By: Vrinda C S (Senior Grade Auditor, On 19-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-13 |
| 16 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 19-01-2022)<br>Last Updated By: Joby George (Computer Assistant, On 04-03-2022) | 1-14 |
| 17 | ലൈസൻസ് ഫീ- അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | |
| 18 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 1-16 |
| 19 | സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 1-17 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം - പദ്ധതിയുടെ ചെലവ് രേഖകൾ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-18 |
| 21 | തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 1-19 |
| 22 | ജി.പി.എസ്.ഘടിപ്പിക്കൽ - ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 1-20 |
| 23 | നക്ഷത്ര തടാകം - പദ്ധതി നിർവ്വഹണത്തിൽ അപാകത<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 1-21 |
| 24 | എൽ.ഇ.ഡി.ലൈറ്റ് വാങ്ങി സ്ഥാപിക്കൽ - രേഖകൾ ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 1-22 |
| 25 | പദ്ധതി ആസൂത്രണം - ചെലവ് വിവരം ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-23 |
| 26 | രജിസ്റ്റേർഡ് യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - വിവരങ്ങൾ ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-24 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 1-25 |
| 28 | കിണർ റീചാർജ്ജിംഗ് - തൊഴിലുറപ്പ് പദ്ധതി സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-26 |
| 29 | തൊഴിലുറപ്പ് പദ്ധതി- കരാറുകാരനിൽ നിന്ന് ജി എസ് ടി- ടി ഡി എസ് കുറവുചെയ്തില്ല.<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-27 |
| 30 | ക്യാൻസർ വിമുക്ത എറണാകുളം-പദ്ധതി സംബന്ധിച്ച്<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-28 |
| 31 | ഐ സി ഡി എസ് ഓഫീസർ നടപ്പിലാക്കിയ പദ്ധതി-<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-29 |
| 32 | പ്രവൃത്തി ചെയ്യാൻ വൈകിയത് കാരണം വ്യക്തമല്ല.<br>Written By: T.O.Polly (Audit Officer, On 20-01-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 11-04-2022) | |
| 33 | ഹെഡ് മാസ്റ്റർ ഗവൺമെന്റ് യു പി സ്കൂൾ നടപ്പിലാക്കിയ പദ്ധതി-വിനിയോഗ സാക്ഷ്യ പത്രം ഹാജറാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-31 |
| 34 | ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-32 |
| 35 | ഓഡിറ്റ് ഇംപാക്ട് -ഔട്ട്ഡോർ കളക്ഷൻ തുക 1000 രൂപ അടവാക്കി<br>Written By: Vrinda C S (Senior Grade Auditor, On 19-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-5 |
| 6 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 05-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 11-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 25.2.19 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെചേർക്കുന്നു

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2736942.00 | 22917579.00 |
| വരവ് | 239779750.00 | 59286475.00 |
| ആകെ | 242516692.00 | 82204054.00 |
| ചെലവ് | 239643000.00 | 57322356.00 |
| നീക്കിയിരിപ്പ് | 2873692.00 | 24881698.00 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. കോവിഡ് പശ്ചാത്തലം പഞ്ചായത്തിന്റെ വരവ് ചെലവുകളെ ബാധിച്ചു എന്ന വസ്തുത പരിഗണിച്ചാൽത്തന്നെയും ബജറ്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപ്പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 11.06.2020 |

### 1-2-1 വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) സചിത്ര സോഫ്റ്റ്‌വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22917579 |
| വരവ് | 59286475 |
| ആകെ | 82204054 |
| ചെലവ് | 57322356 |
| നീക്കിയിരിപ്പ് | 24881698 |

| | |
|---|---|
| ചെലവ് നഷ്ടം | ഇല്ല |
| വരവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 59,06,828/- |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16293477 | 16293477 | 11870986 | 0 | 4422491 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6395882 | 6395882 | 4786734 | 0 | 1609148 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 117000 | 117000 | 0 | 0 | 117000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9258000 | 9258000 | 4936488 | 0 | 4321512 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4911000 | 4911000 | 2769017 | 0 | 2141983 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 9773409 | 9773409 | 4759953 | 0 | 5013456 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട് - | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 5403 | 1148727 | 1154130 | 1146435 | 7695 | |
| NREGS- State Share | 0 | 268000 | 268000 | 267000 | 1000 | |
| EFMS | 0 | 22971774 | 22971774 | 22971774 | 0 | |
| ICDS- 320 100 121 | 603117 | 723346 | 1326463 | 794912 | 531551 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്- | | | | | | |
| 320 200 103 സമ്പൂർണ്ണ ശുചിത്വം - റിംഗ് കമ്പോസ്റ്റ് | 0 | 45000 | 45000 | 45000 | 0 | |
| 320 200 301 വിമുക്തി | 50000 | 3000 | 53000 | 23255 | 29745 | |
| 320 200 302ലൈഫ് - സംസ്ഥാന വിഹിതം | 0 | 440000 | 440000 | 440000 | 0 | |
| 320 200 303 ആശ്രയ ചലഞ്ച് ഫണ്ട് | 0 | 1305246 | 1305246 | 1305246 | 0 | |
| 320 200 307 ബയോ ഡൈവേഴ്സിറ്റി ബോർഡ് ഫണ്ട് | 4748 | 0 | 4748 | 0 | 4748 | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 2581000 | 12000 | 2593000 | 739883 | 1853117 | |
| 320 300 199 ക്രിമറ്റോറിയം ഫണ്ട് | 2583 | 0 | 2583 | 0 | 2583 | |

പഞ്ചായത്തിന് വിവിധ കേന്ദ്രാവിഷ്കൃ - സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുവേണ്ടി മുൻവർഷങ്ങളിലും, തൻവർഷവും കിട്ടിയ ഗ്രാന്റുകൾ ചെലവാകാതെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന സ്ഥിതിവിശേഷം കാണുന്നുണ്ട്. ഉദാഹരണമായി ശുചിത്വ മിഷൻ ഫണ്ടിനത്തിൽ 18,53,117/- രൂപയും, ഐ.സി.ഡി.എസ് - കേന്ദ്രവിഹിതമായി ലഭിച്ചതിൽ 5,31,551/- രൂപയും തൻവർഷം ചെലവാകാതെ നീക്കിയിരുപ്പുണ്ട്. മേൽപ്പറഞ്ഞ ഫണ്ടുകൾ പ്രസ്തുത പ്രൊജക്ടുകൾക്കു വേണ്ടി ചെലവാക്കുകയോ, അല്ലെങ്കിൽ ഫണ്ട് അനുവദിച്ച ഏജൻസിയുമായി ബന്ധപ്പെട്ട് തുക തിരികെ നല്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴി ക്കാതെ ലാപ്സായ തുക | ചെലവഴി ക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 16293477 | 11870986 | 4422491 | 27.14% |
| വികസന ഫണ്ട് (എസ്.സി.പി) | 6395882 | 4786734 | 1609148 | 25.16% |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 117000 | 0 | 117000 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9258000 | 4936488 | 4321512 | 46.68% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4911000 | 2769017 | 2141983 | 43.62% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 9773409 | 4759953 | 5013456 | 51.30% |

2019-20 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ വികസനഫണ്ട് -ജനറൽ, വികസന ഫണ്ട്- പ്രത്യേക ഘടകപദ്ധതി എന്നീ ഇനങ്ങളിലൊഴിച്ച് ബാക്കി എല്ലാ ഫണ്ടിനങ്ങളിലും 40ശതമാനത്തിലധികം തുകയും ലാപ്സാകുകയാണുണ്ടായത്. കോവിഡ്-19 ന്റെ പ്രത്യേകസാഹചര്യത്തിലാണ് ഇങ്ങനെയുണ്ടായത് എന്ന് സാമാന്യേന പറയാമെങ്കിലും, കോവിഡ് -19 ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ആരംഭിച്ചത് 2020 മാർച്ച് മദ്ധ്യവാരം മുതലാണ്. 2019 - 2020 സാമ്പത്തികവർഷം പദ്ധതി ആസൂത്രണനടപടി ക്രമം ആരംഭിക്കേണ്ടിയിരുന്നത് 2019 മാർച്ച് മുതലാണ്. ആസൂത്രണപ്രക്രിയകൾ ആരംഭിച്ചത് മുതൽ 2020 ഫെബ്രുവരി വരെയുള്ള കാലയളവിൽ 70% മേൽ പ്രൊജക്ടുകളും പൂർത്തീകരിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നുവെങ്കിലും, മരാമത്ത് ഉൾപ്പെടെയുള്ള ഭൂരിഭാഗം പ്രൊജക്ടുകളുടെയും നിർവ്വഹണം സാമ്പത്തികവർഷാവസാനം വരെ നീട്ടിക്കൊണ്ടുപോയതുകൊണ്ടാകണം പ്രൊജക്ടുകൾ പൂർണ്ണമായി നടപ്പാകാതെ നാല്പതു ശതമാനത്തിലധികം തുകയും ലാപ്സായിപ്പോയ ഒരു സാഹചര്യമുണ്ടായത്. പദ്ധതി ആസൂത്രണനിർവ്വഹണം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിർവ്വഹണ കലണ്ടർ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കാണുന്ന അലംഭാവം ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിന് ഇടവരുത്തുന്നതായി നിരീക്ഷിക്കുന്നു.

വാർഷിക ധനകാര്യപ്പത്രികയിലെ RP-7 ഷെഡ്യൂളിലെയും , I-6 ഷെഡ്യൂളിലെയും ചെലവ് തുകകൾ തമ്മിലുള്ള വ്യത്യാസം

| ഫണ്ടിനം | RP-7 ഷെഡ്യൂൾ പ്രകാരം | I-6 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11870986 | 12365495 | (+)494509 |
| വികസന ഫണ്ട് (എസ്.സി.പി) | 4786734 | 4435094 | (-) 351640 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2769017 | 2669617 | (-) 99400 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 4759953 | 2812453 | (-)1947500 |

1. വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവിധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടെങ്കിൽ ആ ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ് പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ് പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരേണ്ടത്. ഇവിടെ 7,58,241/- രൂപയാണ് വിവിധ ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയത്. ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ആയി വിവിധ ഫണ്ടിനങ്ങളിൽ നിന്ന് 33,22,447/- രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

2. 2019-20 വർഷത്തെ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (312 100 101) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 01.04.2029-ൽ മുന്നിരുപ്പ് കാണിച്ചിരിക്കുന്നത് 29555267/-രൂപയാണ്. ഇതേ ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2020-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 32877714/-രൂപയാണ്. ഈ ഹെഡ് ഓഫ് അക്കൗണ്ടിലെ മുന്നിരിപ്പും(01.04.2019), നീക്കിയിരിപ്പും (31.03.2020) തമ്മിലുള്ള വ്യത്യാസം 33,22,447/- രൂപയാണ്.അതായത് തൻവർഷം ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ഇനത്തിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് ഈ ഹെഡിലേക്ക് മാറ്റിയിട്ടിരിക്കുന്ന ആകെ തുക 33,22,447/-രൂപയാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള

കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു .

| ഫണ്ടിനം | As Per RP-7 | ക്ലട്ടുക- ജി.ഒ പ്രൊജക്ടുകൾക്ക വേണ്ടി നീക്കിവെച്ച തുക | കുറയ്ക്കുക- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | As Per I-6 | Remarks |
|---|---|---|---|---|---|
| Dev.Fund -General | 11870986 | 714123 | 219614 | 12365495 | |
| Dev.Fund -SCP | 4786734 | 44118 | 395758 | 4435094 | |
| Maintanence Grant (Non Road) | 2769017 | | 99400 | 2669617 | |
| Central Finance Commission Grant(Untied) | 4759953 | | 1947500 | 2812453 | |
| Joint Venture Block Pt (Capital) | | | 660175 | | |
| ആകെ | | 758241 | 3322447 | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 219 | 100090451 | 110 | 41594928 | 8 | 101 | 110 | 50.23% |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 18 പ്രൊജക്ടുകൾ ഉപേക്ഷിച്ചിരുന്നു. ഇതിൽ പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് പ്രൊജക്ടുകളും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് പ്രൊജക്ടുകളും ഉൾപ്പെടുന്നു. തൻവർഷം നടപ്പാക്കാത്ത മറ്റ് പ്രൊജക്ടുകൾ 2020-21 വർഷം സ്പിൽഓവറായി നടപ്പാക്കിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5403 | 1148727 | 1154130 | 1146435 | 7695 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 22971774 | 22971774 | 22971774 | 0 |
| സംസ്ഥാന വിഹിതം | 0 | 268000 | 268000 | 267000 | 1000 |
| ആകെ | 5403 | 24388501 | 24393904 | 24385209 | 8695 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2019-20 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3717 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെളുടെ എണ്ണം | 7212 |
| ആക്ടീവായ ഗുണഭോക്താക്കൾ | 2057 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1441 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 1571 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 76406 |
| ഒരു കുടബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 53 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 237 |

| | |
|---|---|
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 241.2ലക്ഷം |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ – 489

പൂർത്തിയാക്കിയ വർക്കുകൾ -- 179

നടപ്പിലാക്കിയ പ്രധാനപദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| തയ്യാറാക്കിയ പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|
| വരൾച്ച നിവാരണം | 19 |
| വെള്ളകെട്ട് നിയന്ത്രണം | 1 |
| ജലസേചന കനാലുകൾ | 13 |
| വ്യക്തിഗത ആസ്തികൾ | 87 |
| ഭൂ വികസനം | 13 |
| റോഡ് നിർമ്മാണം | 6 |
| ജലസ്രോതസ്സുകളുടെ സംരക്ഷണം | 40 |
| ആകെ | 179 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34080 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 3355800 | 575 |
| വിധവാപെൻഷൻ | 5597400 | 987 |
| വാർദ്ധക്യകാലപെൻഷൻ | 11078100 | 2153 |
| വികലാംഗപെൻഷൻ | 1861400 | 317 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 439200 | 74 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2022 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6951/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/10/2021 | 10/2020 To 09/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/02/2015 മുതൽ 04.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 19/05/2015 |

## 1-10 ആഭ്യന്തര നിയന്ത്രണം

### ഫ്രണ്ട് ഓഫീസ്

പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് വരുന്നവർക്ക് അത്യാവശ്യമായ സൗകര്യങ്ങളോടു കൂടി ഫ്രണ്ട് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ ഫ്രണ്ട് ഓഫീസ് ഡയറി

വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുപോരുന്നുണ്ട്.

ഓഫീസ് യോഗങ്ങൾ

ഓഫീസ് യോഗങ്ങൾ മിക്കവാറും എല്ലാമാസവും ചേരുന്നുണ്ട്. 2019-20 വർഷത്തിൽ 7/19, 8/19, 10/19, 12/19 എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. എല്ലാ മാസവും കൃത്യമായി ഓഫീസ് യോഗങ്ങൾ ചേരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഓർഡർ ബുക്ക്

ജീവനക്കാരുടെ ജോലി ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ രേഖപ്പെടുത്തി ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചുപോരുന്നുണ്ട്. പ്രസ്തുത ഉത്തരവുകൾ ജീവനക്കാർ സാക്ഷ്യപ്പെടുത്തിപ്പോരുന്നുണ്ട്.

## 1-11 ഗ്രാമസഭ

2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിനായി 11/2018 ൽ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ക്വാറം തികയാതെ വരുന്ന അവസരങ്ങളിൽ യോഗം ചേരാതെ പിരിയുകയും പിന്നീട് അടുത്ത ദിവസം തന്നെ ഗ്രാമസഭകൾ ചേരുകയും ചെയ്തിട്ടുണ്ട്. 2019-20 ൽ ആകെ 2 ഗ്രാമസഭകളാണ് കൂടിയിട്ടുള്ളത്. പദ്ധതി രൂപീകരണത്തിന് സഹായകമാകുന്ന രീതിയിൽ നവീന ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളൊന്നും ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടില്ല. പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വേദിയായി മാത്രം ഗ്രാമസഭകൾ പരിണമിക്കുന്നതായാണ് മിനിറ്റ്സുകൾ വ്യക്തമാക്കുന്നത്. മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും എല്ലാ ഗ്രാമസഭകളുടെയും മിനിറ്റ്സുകൾ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി, ക്ലോസ് ചെയ്തു പോരുന്നുണ്ട്.

## 1-12 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നികുതി ഈടാക്കുന്നതിൽ സംഭവിച്ചിട്ടുള്ള അപാകതകൾ താഴെപ്പറയുന്നു

1) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല – പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഒരു ലിസ്റ്റ് തയ്യാറാക്കി വർഷാവർഷം കാലികമാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ അത്തരത്തിലൊരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ നിലവിൽ പഞ്ചായത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നോ ഇവിടങ്ങളിൽ നിന്നെല്ലാം തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടോ എന്നും ഓഡിറ്റിൽ പരിശോധിക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തിലേയ്ക്ക് നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ അടിസ്ഥാന ഡാറ്റാ ബേസ് പഞ്ചായത്തിൽ ഇല്ല എന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

താഴെപ്പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല .

| ക്രമ നം | സ്ഥാപന ഉടമയുടെ/സ്ഥാപനത്തിന്റെ പേര് | കെട്ടിട നം |
|---|---|---|
| 1 | സെന്റ്. മേരീസ് ലബോറട്ടറി | 9/295 |
| 2 | സൌമ്യ പ്രദീപ് /ടീ ഷോപ്പ് | 6/303 |
| 3 | പ്രിയ സുരേഷ്/ തയ്യൽ കട | 6/232 |
| 4 | കെ.ഡി.തോമസ്/പലചരക്ക് വ്യാപാരം | 9/22,23 |

| | | |
|---|---|---|
| 5 | ഭാസ്കരൻ.പി.എൻ./ഫിഷ് മാർക്കറ്റ് | 5/172 |

2) കരാർ രജിസ്റ്റർ പ്രകാരം 2019-20 ൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | എം.എസ്.വർഗ്ഗീസ്, മാണി |
| 2 | എസ്.ഐ.തോമസ്, സഞ്ചരിക്കൽ |
| 3 | ജിതിൻ സേവ്യർ, കോയിക്കര |
| 4 | എ.ജെ.ലോറൻസ്. ആട്ടോക്കാരൻ |
| 5 | കെ.എ.ജോയ്, കോലഞ്ചേരി |
| 6 | റോബിൻസ് ജോസഫ്, കൈതാരത്ത് |
| 7 | സണ്ണി.പി.ജെ, പുലരക്കൽ |
| 8 | ബിനു.എം.എ, മണ്ണംപ്പിള്ളിൽ |
| 9 | കെ.എസ്.പോളി, കളപ്പറമ്പൻ |
| 10 | ഷാന്റോ ജോസ്, കോണുകുടി |
| 11 | വി.കെ.വേണു, വട്ടപ്പാറ |
| 12 | വർഗ്ഗീസ്.വി.പി, വള്ളൂരാൻ |

3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ,കള്ളുഷാപ്പുകൾ, അക്ഷയ സെന്റർ, ഓഡിറ്റോറിയങ്ങൾ, ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ, ബി.എസ്.എൻ.എൽ ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള വരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും പൊരുത്തപ്പെടുത്തി റീകൺസൈൽ ചെയ്തിട്ടില്ല . രജിസ്റ്ററിൽ ഡി.സി.ബി പത്രിക എഴുതി സൂക്ഷിച്ചിട്ടില്ല.

5) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ 2019-20 ഒന്നാം അർദ്ധവർഷം തുക ഒടുക്കിയതിന്റെ രസീത് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല . സ്ഥാപന മേധാവി നികുതി ഈടാക്കി തരുന്ന പത്രികയിൽ മാത്രമാണ് രസീത് നമ്പർ രേഖപ്പെടുത്തി കാണുന്നത്. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2019-20 ലേക്കുള്ള ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷയിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പ്രതിപാദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര്/കെട്ടിട നം | അപേക്ഷയിൽ പ്രസ്താവിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 12 | സൂര്യ ഇൻഡസ്ട്രീസ്/ 1-100 | 4 |
| 2 | 13 | പുതുശ്ശേരി ഫർണ്ണീച്ചർ/ 16/96 | 4 |
| 3 | 20 | വീനസ് എഞ്ചിനീയറിംഗ് വർക്സ് 16/16 | 9 |
| 4 | 22 | സെന്റ് ആന്റണീസ് അഗ്രോ ഫാംസ് 17/357 | 2 |
| 5 | 23 | ഗുരുദേവൻ ആന്റ് കമ്പനി / 2-444 | 3 |

| | | | |
|---|---|---|---|
| 6 | 28 | തുപ്പാത്തിൽ റൈസ് മിൽ / 16-76 | 4 |
| 7 | 34 | ശിശിര ഓട്ടോമൊബൈൽസ്/ 16-365 | 9 |
| 8 | 38 | ഫുഡ് പ്രോഡക്ട്സ് /7-184 C | 4 |
| 9 | 44 | ജിനോസ് പെട്രോളിയം / 10/148 | 5 |
| 10 | 63 | അരിമിൽ / 3/37,38,39 | 9 |
| 11 | 64 | സിത്താര പ്ലാസ്റ്റിക് (P) ലി. /4/20 | 8 |
| 12 | 74 | ബീയെസ്ജെ അസോസിയേറ്റ്സ് 6/46B | 4 |
| 13 | 87 | സൂര്യ റോക്ക് പ്രോഡക്ട്സ് 1/116,117 | 12 |
| 14 | 94 | തോംസൺ മെറ്റൽസ് 497A | 5 |
| 15 | 95 | പാറമട കെ.എ.പാപ്പച്ചൻ | 5 |
| 16 | 96 | ബേബി, പാലാട്ടി 10/478 | 5 |
| 17 | 97 | " , പാറമട/ 7/163 | 5 |
| 18 | 100 | ലക്ഷ്മി ഇൻഡസ്ട്രീസ്/ 12/495 | 6 |
| 19 | 129 | റിയൽ ഇമേജ് -4/198A | 6 |
| 20 | 148 | ഹോട്ടൽ 8/153A | 9 |
| 21 | 186 | ഫ്ലോർമിൽ 6/3A | 7 |
| 22 | 201 | ഫായിസ ബ്രോക്കൺ ഗ്ലാസ് 4/18 | 5 |
| 23 | 258 | ജോമോൻ ഫ്രാൻസിസ് / 4/39B | 4 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറി നം.7/14.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല .

1-13 സാംഖ്യയിൽ ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ ക്യാൻസൽ ചെയ്തില്ല -1590 രൂപ നഷ്ടം

10.01.2020 ലെ രസീത് നം/ മെഷീൻ നം.119010104487/ 335787 പ്രകാരം ശ്രീ.തോമസ്.കെ.എ., കാടപ്പറമ്പൽ വീട് (കെട്ടിട നം.8/203) എന്ന വ്യക്തിയുടെ പേരിൽ അടിച്ച 1911 രൂപയുടെ വസ്തുനികുതി രസീത് സാംഖ്യ പ്രകാരം ക്യാൻസൽ ചെയ്തിട്ടുള്ളതായി കാണുന്നു.(രസീതിൽ കാരണം വ്യക്തമാക്കിയിട്ടില്ല). എന്നാൽ സഞ്ചയയിലുള്ള പോസ്റ്റിംഗ് പരിശോധിച്ചതിൽ റദ്ദാക്കിയ അതേ രസീത് നമ്പർ പ്രകാരം 2016-17 മുതലുള്ള കുടിശ്ശികയായി 1590/- രൂപ അടവു വന്നതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു യഥാർത്ഥത്തിൽ ക്യാൻസൽ ചെയ്ത ഒരു രസീത് സഞ്ചയയിൽ തെറ്റായി പോസ്റ്റ് ചെയ്യപ്പെടുക വഴി ടി തുക പിന്നീട് ഡിമാന്റ് ചെയ്യപ്പെടുകയോ ഈടാക്കപ്പെടുകയോ ചെയ്യില്ല. ഇത് പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

ഓരോ ദിവസത്തെ ഡേ ബുക്കിനോടൊപ്പം അന്നേ ദിവസത്തെ ക്യാൻസൽഡ് രസീതിന്റെ റിപ്പോർട്ട് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ഇത്തരം അപാകതകൾ കണ്ടെത്താതെ പോകുന്നു. റദ്ദാക്കിയ രസീതുകൾ സഞ്ചയയിലും ക്യാൻസൽ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അതാത് ദിവസം തന്നെ ഉറപ്പു വരുത്തുന്ന സംവിധാനങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 1-14 നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല

1) സഞ്ചയ പ്രകാരമുള്ള നികുതി ഒഴിവാക്കി കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ശ്രീ.വർക്കി ചിറ്റേൻ, നീലീശ്വരം എന്ന വ്യക്തിയുടെ പേരിലുള്ള 100 ച.മീ. ഉള്ള 17/235 -ാം നമ്പർ കെട്ടിടം നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ എന്ന ഗണത്തിൽ പെടുന്നതായി കാണുന്നു. ടിയാന്റെ പേരിലുള്ള വാസഗൃഹത്തിൽപ്പെടുന്ന മേൽ കെട്ടിടം നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.

2) സഞ്ചയയിലെ സസ്പെൻഡഡ് ഡിമാന്റ് ലിസ്റ്റ് പ്രകാരം 2820 കെട്ടിടങ്ങളുടെ കെട്ടിട നികുതി ഡിമാന്റ് 2016 മുതൽ സസ്പെൻഡ് ചെയ്യപ്പെട്ടതായി കാണുന്നു. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3) തൻവർഷം പുതിയതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ നമ്പറിംഗ് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് മുഴുവനായി ലഭ്യമാക്കിയില്ല. ഏതാനും ഫയലുകൾ ലഭിച്ചതിൽ കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് നൽകുന്നതു മുതൽ നമ്പറിംഗ് നൽകുന്നതു വരെ ഒറ്റ ഫയലായി സൂക്ഷിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

മേൽ അന്വേഷണങ്ങൾക്ക് (എൻക്വയറി നം.16/18.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ലൈസൻസ് ഫീ- അപാകതകൾ

1. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. രജിസ്റ്ററിൽ ചട്ടപ്രകാരം ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2.കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാഖ്യയിൽ ചേർക്കുന്നു. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാഖ്യയിൽ ചേർക്കുന്നില്ല. മുൻവർഷത്തെ വരവിനനുസരിച്ച് പ്രതീക്ഷിത ഡിമാന്റ് വർഷാരംഭത്തിൽ തന്നെ സാംഖ്യയിൽ ചേർക്കേണ്ടതും ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ (ഡിമാന്റിൽ വ്യത്യാസം ഉണ്ടെങ്കിൽ) മാറ്റം വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സാംഖ്യാ അക്കൌണ്ടുകളുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതുമാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിയ്ക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4.വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം തന്നെ കാലികമാക്കി വർഷാരംഭത്തിൽ ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി വർഷാരംഭത്തിൽ തന്നെ തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം വാർഡ് തിരിച്ച് ലൈസൻസ് രജിസ്റ്റർ എഴുതുന്ന എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

5. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/-

15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റി തിരുമാനമെടുത്തിട്ടുണ്ട് എങ്കിൽ അറിയിക്കേണ്ടതാണ്. പരിശോധനയിൽ 200. 300, 400, 500, 1000, 2000, 4000, 5000 എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ ചട്ടത്തിനു വിരുദ്ധമായി കറഞ്ഞ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കൃത്യവിലോപത്തിനും ഇടയാക്കുന്നു. 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15 പ്രകാരം ഇക്കാര്യത്തിൽ എടുത്ത തുടർ നടപടികൾ അറിയിക്കേണ്ടതാണ്. അടിയന്തിരമായിചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

6.പല ലൈസൻസ് അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുന്നില്ല. മുൻവർഷം ഈടാക്കിയ ഫീസ് തന്നെ തൻവർഷവും ഈടാക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. അപേക്ഷകളിൽ കൃത്യമായ മൂലധനം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അന്വേഷണ ഉദ്യോഗസ്ഥൻ അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

7.സ്ഥാപനങ്ങൾക്ക് ഒന്നിൽ കൂടതൽ വർഷത്തേക്ക് ലൈസൻസ് നൽകുന്നതായി കാണുന്നു. ഈ സ്ഥാപനങ്ങളുടെ രജിസ്റ്റർ ഹാജരാക്കേണ്ടതും അഡ്വാൻസ് ലഭിച്ച തുക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി നൽകേണ്ടതുമാണ്. മുൻവർഷങ്ങളിലും 2020-21 വർഷവും ഇത്തരത്തിൽ ലൈസൻസ് ഫിസ് ഈടാക്കിയ സ്ഥാപനങ്ങളുടെ അഡ്വാൻസ് തുകയിൽ നിന്ന് തൻവർഷ വരവിലേക്ക് മാറ്റിയ തുകകളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

8. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ നം. 149, 132 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

9.പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും (1272കെട്ടിടങ്ങൾ) ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു. വിവിധ 2019-20 ൽ 310 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിൽ പ്രാദേശിക പരി ശോധന നടത്തി മേൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

10.പഞ്ചായത്തിൽ അസംബ്ലി കെട്ടിടം/കൺവെൻഷൻ സെന്റർ എന്ന ഇനത്തിൽ 71 കെട്ടിടങ്ങൾ വസ്തുനികുതി നിർണ്ണയം നടത്തിയതായി കാണുന്നു എങ്കിലും ഇത്തരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. പരി ശോധന നടത്തി മേൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 14-1-22 ലെ ഓഡിറ്റ് എൻക്വയറി നം 8 ന് മറുപടി നൽകിയില്ല. അപാകതകൾ പരിഹരിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-16 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

### അസ്സസ്സ്മെന്റ് രജിസ്റ്റർ

തൻവർഷം പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങളുടെ വിവരം അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. സഞ്ചയയിൽ ഫോം 6 വഴി സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്ത് നികുതി നിർണ്ണയം നടത്തുന്നതിനാലാണ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് എന്നാണ് പഞ്ചായത്തിന്റെ മറുപടി. അങ്ങനെയെങ്കിൽ

ഓരോ വർഷത്തെയും വസ്തു നികുതി നിർണ്ണയത്തിന്റെ വിവരം വർഷാവസാനം സഞ്ചയയിൽ നിന്ന് വാർഡ് തിരിച്ച് പ്രിന്റ് എടുത്ത് ഓഡിറ്റിനായി ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ

തൊഴിൽ നികുതി രജിസ്റ്ററിൽ രണ്ട് വർഷത്തെയും നികുതി അടച്ചതിന്റെ രസീത് നമ്പർ ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-17 സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- അപാകതകൾ

1994-സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ (രജിസ്ട്രേഷൻ)ചട്ടങ്ങൾ പ്രകാരം 2018-19 ൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങളായ തറയിൽ പാരമ്പര്യ വൈദ്യശാല, ജീവധാര ചാരിറ്റബിൾ ട്രസ്റ്റ്, അമ്പാട്ട് ഡയഗ്നോസ്റ്റിക് സെന്റർ, ബോഹാർ ഫാർമ എന്നീ സ്ഥാപനങ്ങൾ 2019-20 വർഷം ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല. അപാകതക്ക് വിശദീകരണം നൽകണമെന്നും തൻവർഷം രജിസ്ട്രേഷൻ എടുത്ത 10 സ്ഥാപനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ഫീയോടൊപ്പം ലൈസൻസ് ഫീ കൂടി ഈടാക്കിയിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 14-01-2022 ലെ ഓഡിറ്റ് എൻക്വയറി നം 09 ന് മറുപടി നൽകിയില്ല.

വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കുന്നു എന്നും രജിസ്ട്രേഷൻ ഫീയോടൊപ്പം ലൈസൻസ് ഫീ കൂടി ഈടാക്കുന്നു എന്നും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-18 പൊതുടാപ്പുകളുടെ വെള്ളക്കരം - പദ്ധതിയുടെ ചെലവ് രേഖകൾ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 24/20 പൊതുടാപ്പുകളുടെ വെള്ളക്കരം |
| അടങ്കൽ/ചെലവ്<br>(ചെലവ് പത്രിക പ്രകാരം) | ₹1514232/-<br>₹1429317/- |
| ഫണ്ടിനം | ₹229134/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹354951/- തനത് ഫണ്ട്<br>₹845232/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ പ്രോജക്റ്റിൽ വിഭാവനം ചെയ്തിരിക്കുന്ന അടങ്കൽ തുക ₹1300000/- ആണ്. എന്നാൽ പ്രോജക്റ്റ് ചെലവ് ₹1429317/-അടങ്കലിലും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കിയതിന് കാരണമെന്തെന്ന് വ്യക്തമല്ല

2) പ്രോജക്റ്റ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം ചെലവ് ₹1111691/- ആണ്.

| Sanction Order No. / Date | Amount |
|---|---|
| 45/25.5.19 | ₹158813/- |
| 59/18.7.19 | ₹158813/- |
| 231/29.7.20 | ₹158813/- |
| 287/26.2.20 | ₹158813/- |
| 41/28.4.20 | ₹317626/- |
| 45/20.5.20 | ₹158813/- |
| ആകെ | ₹1111691/- |

3) ഏതെല്ലാം മാസങ്ങളിലെ ബിൽ തുകയാണ് അടച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള 4/19, 7/19എന്നീ മാസങ്ങളിലെ ബില്ലുകളിൽ യഥാക്രമം പ്രോജക്റ്റ് വെറ്റ് ചെയ്ത് കിട്ടാൻ താമസിച്ചതിനാലും,പദ്ധതി ഭേദഗതി നടപടികൾ പൂർത്തിയാവാത്തതിനാലും വെള്ളക്കരം തനത് ഫണ്ടിൽ നിന്ന് നൽകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുകയുടെ കൃത്യതയും ബിൽ വിവരങ്ങളും തമ്മിൽ

പൊരുത്തപ്പെടുന്നില്ല

അപാകതകൾക്ക് കാരണമാരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 4)ക്ക് മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹1429317/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

### 1-19 തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം./ പേര് | 35/20 പഞ്ചായത്തിലേക്കും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ/ചെലവ് (ചെലവ് പത്രിക പ്രകാരം) | ₹100000/- ₹80012/- |
| ഫണ്ടിനം | വികസന ഫണ്ട് |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി തുക നൽകിയിട്ടുണ്ട്. ഇതിൽ ബിൽ നമ്പർ 270/19.2.20 പ്രകാരം നൽകിയ ₹22580/-, ബിൽ നമ്പർ 269/29.2.20 പ്രകാരം നൽകിയ ₹14726/- എന്നിവ ചേർത്ത് ചെലവാക്കിയ ₹37306/- മൂല്യമുള്ള ഉപകരണങ്ങൾ (13.5.20 ലെ വർക്ക് ഓർഡർ പ്രകാരമുള്ളത്) 16.11.2020 ലും ലഭ്യമായിട്ടില്ലാത്തതിനാൽ മുൻകൂർ അടവാക്കിയ തുക Re-credit ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കെൽട്രോൺ മാനേജിംഗ് ഡയറക്ടർക്ക് 16.11.2020 ൽ കത്ത് നൽകിയിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആ വിവരവും, ഈടാക്കിയിട്ടില്ലെങ്കിൽ ഇതിന്റെ മൂല്യത്തിന് ആനുപാതികമായി ലഭ്യമായ ഉപകരണങ്ങളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന വിവരം ഓഡിറ്റ് എൻക്വയറി മുഖേന നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. കൃത്യമായ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക ₹37306/-ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

### 1-20 ജി.പി.എസ്.ഘടിപ്പിക്കൽ - ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലേക്ക് കുടിവെള്ള വിതരണം ചെയ്യുന്നതിനായുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനായി വൗച്ചർ നം.21900039/11.4.19 പ്രകാരം ₹12000/- ചെലവാക്കിയിട്ടുണ്ട്. 27.2.2020 ലെ സ.ഉ.(സാധാ) നം. 494/2020 ത.സ്വ.ഭ.വ പ്രകാരം കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അതിന്റെ ചെലവ് ത.ഭ.വ.സ്ഥാപനങ്ങൾ വഹിക്കണമെന്ന് പറഞ്ഞിട്ടില്ല. ജി.പി.എസ്. ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങളെ കുടിവെള്ള വിതരണത്തിനായി തെരഞ്ഞെടുക്കേണ്ടതിന് പകരം ഇത്തരത്തിൽ പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത വരുത്തുന്ന രീതിയിൽ പ്രവൃത്തി നിർവ്വഹിച്ചതിന്റെ അടിസ്ഥാനമെന്തെന്ന് വിശദീകരിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11) നൽകിയതിന് അടിയന്തിര സാഹചര്യം നേരിടുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങൾ ലഭ്യമാകാതിരുന്നതിനാലാണ് ഇത്തരത്തിൽ ചെയ്തത് എന്നാണ് മറുപടി നൽകിയത്. എന്നാൽ ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങൾ വേണമെന്ന് നിബന്ധന ക്വട്ടേഷനിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമായില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് തുക ₹12000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

### 1-21 നക്ഷത്ര തടാകം - പദ്ധതി നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | SO 203/20 നക്ഷത്ര തടാകം 2019 |
| അടങ്കൽ/ചെലവ് | ₹800000/- ₹297000/- |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് വിവരം ബിൽ നംപർ/തീയതി | ചെക്ക് നം. 117278/10.1.20 ₹249000/- ചെക്ക് നം. 117277/10.1.20 ₹48000/- |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിനായി ₹297000/- പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് ഫണ്ട് വിഹിതം ₹300000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹250000/-, ജില്ലാ പഞ്ചായത്ത് വിഹിതം ₹250000/-, എന്നിവ ഉൾപ്പെടെ ആകെ ₹800000/- ആണ് പദ്ധതിയുടെ ആകെ അടങ്കലായി വിഭാവനം ചെയ്തിരുന്നത്. പഞ്ചായത്തിന്റെ വൗച്ചറുകൾ, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം തനത് ഫണ്ട് ഇനത്തിലെ തുക ₹297000/- ആണ് പദ്ധതിയുടെ നടത്തിപ്പിനായി ചെലവായിട്ടുള്ളത്. ഇതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 23.12.2019 ലെ 10/1-ാം നമ്പർ തീരുമാനത്തിൽ, ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വിഹിതങ്ങൾ ലഭ്യമാകുന്നതിന് സർക്കാർ അനുമതി വേണമെന്ന് നിഷ്കർഷിച്ച സാഹചര്യത്തിൽ ഗവ. അനുമതിക്കായി അപേക്ഷിച്ചെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ സംഭാവനയായും കൂപ്പൺ മുഖേനയും പരമാവധി തുക സമാഹരിക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 29.2.2020 ലെ 12/1നമ്പർ തീരുമാനത്തിൽ പ്രസ്തുത പരിപാടിയുടെ ₹21,98,330/- വരവും ₹17,99,304/- ചെലവും ₹3,99,026/- നീക്കിയിരിപ്പും ഉൾപ്പെടുന്ന വരവ് ചെലവ് കണക്കുകൾ പ്രസിഡന്റ് അവതരിപ്പിച്ചത് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല.

മുൻ വർഷത്തിൽ നക്ഷത്രതടാകം-കാർണിവൽ എന്നിവയുടെ നടത്തിപ്പിനായി പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്തഅക്കൗണ്ട് ആരംഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായും, നക്ഷത്രത്തടാകം എന്നതിന്റെ ചുരുക്കപ്പേരായി NTMNG എന്ന പേരിൽ അക്കൗണ്ട് ആരംഭിച്ചതായും (അക്കൗണ്ട് നമ്പർ 50100262483542, HDFC,Kalady)2018-19 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷം ഇതിനായി 12.12.2019 ൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് മലയാറ്റൂർ നീലീശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ (അക്കൗണ്ട് നമ്പർ SB.1/10213) ആണ്. ആരുടെ പേരിലാണ് അക്കൗണ്ട് ആരംഭിച്ചതെന്ന വിവരം ലഭ്യമായില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 20) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

നക്ഷത്ര തടാകം എന്ന പദ്ധതി പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കിയതു വഴി ലഭിച്ച നീക്കിബാക്കി തുക ₹3,99,026/- പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. സംഭാവനകൾ പിരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ രസീത്ബുക്കുകൾ അച്ചടിച്ചിട്ടുണ്ട്. എന്നാൽ എത്ര രസീത് ബുക്കുകൾ അടിച്ചു എന്ന് വ്യക്തമാക്കുന്ന ബിൽ, രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയില്ല. ആർക്കൊക്കെ രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു എന്ന രേഖപ്പെടുത്തലുകൾ ഇല്ല. 6 രസീത് ബുക്കുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. 50 ലീഫുകൾ വീതമുള്ള ഈ രസീത് ബുക്കുകളിൽ നിന്നുള്ള വരവ് തുകകളും ഇതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സംഭാവനകൾ സ്വീകരിക്കുമ്പോൾ ഒറിജിനൽ രസീത് സംഭാവന നല്കിയ ആൾക്ക് നല്കുകയും കാർബൺ കോപ്പി പഞ്ചായത്ത് സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. കൂടാതെ പല രസീതുകളിലും നൽകിയ ആളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. ഇത് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിങ്ങ്)ചട്ടങ്ങളിലെ ചട്ടം 20 (സി) പ്രകാരം പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധമാണ്. ചട്ടം 20(സി) പ്രകാരം കൈയ്യെഴുത്ത് സമ്പ്രദായത്തിൽ നല്കുന്ന രസീതുകൾ മെഷീൻ നമ്പർ നല്കിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നല്കിയ ആൾക്ക് നൽകേണ്ടതുമാണ്. ഈ ചട്ടം പാലിച്ചുകൊണ്ടുള്ള രസീത് ബുക്ക് അല്ല ഉപയോഗിച്ചിട്ടുള്ളത്. മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് നക്ഷത്ര തടാകം മെഗാ കാർണിവൽ 2019 സംഭാവന രസീത് എന്നാണ് കൺവീനറുടെ പേരിൽ അച്ചടിച്ചിട്ടുള്ള ഈ രസീത് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ രസീത് ബുക്കിന് പുറമേ ഇത്തരത്തിൽ ഒരു രസീത് ബുക്ക് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നേടേണ്ടിയിരുന്നു. ആയത് ചെയ്തിട്ടില്ല. മാത്രമല്ല രസീത് ബുക്കുകൾ എത്രയെണ്ണം പ്രിന്റ് ചെയ്തു, ആരെല്ലാം ഇതുപയോഗിച്ച് പിരിവ് നടത്തി എന്നും വ്യക്തമല്ല. ഈ അപാകതകൾ 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നെങ്കിലും അപാകതകൾ പരിഹരിച്ച് പോകാൻ ഭരണസമിതി തയ്യാറായിട്ടില്ല.

1-22 എൽ.ഇ.ഡി.ലൈറ്റ് വാങ്ങി സ്ഥാപിക്കൽ - രേഖകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 140/20 LED ലൈറ്റ് വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ/ചെലവ് (ചെലവ് പത്രിക പ്രകാരം) | ₹300975/- ₹300000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ, തോപ്പിൽ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമായിട്ടുള്ളത്. ലൈറ്റിന്റെ ആവശ്യകത നിർണ്ണയിച്ചതിന്റെ വിവരങ്ങളോ, ലൈറ്റ് ലഭ്യമായതിന്റെ വിവരങ്ങളോ, ഇൻസ്റ്റലേഷൻ സംബന്ധിച്ച വിവരങ്ങളോ ഓഡിറ്റിന് ലഭ്യമായിട്ടില്ല. രേഖകൾ പൂർണ്ണമായും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ACR പ്രകാരം 14/5.4.19 ലാണ് ചെലവ് നടന്നിട്ടുള്ളത്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവ്തുക ₹300000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-23 പദ്ധതി ആസൂത്രണം - ചെലവ് വിവരം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 14/20 പദ്ധതി ആസൂത്രണവും മോണിട്ടറിംഗം |
| അടങ്കൽ/ചെലവ് (ചെലവ് പത്രിക പ്രകാരം) | ₹300000/- ₹60775/- |
| ഫണ്ടിനം | തനത് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ചെലവ് പത്രിക പ്രകാരം ₹60775/- ചെലവുള്ള ഈ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ അനുമതി ഉത്തരവ് നം. 322/4.3.20 പ്രകാരം ₹5410/- ന്റെ ചെലവ് വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമായിട്ടുള്ളത്. പ്രസ്തുത ചെലവ് എന്തിന് വേണ്ടി എന്നുള്ളതിന്റെ വിവരങ്ങളോ, ബാക്കി ചെലവുകളെ സംബന്ധിച്ച വിവരങ്ങളോ ഓഡിറ്റിന് ലഭ്യമായില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 5) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് വിവരം ലഭ്യമല്ലാത്തതിനാൽ 55365/-രൂപ (60775-5410)തടസ്സപ്പെടുത്തുന്നു.

## 1-24 രജിസ്റ്റേർഡ് യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - വിവരങ്ങൾ ലഭ്യമായില്ല

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നടത്തിപ്പിൽ അപാകതൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | SO 195/20 രജിസ്റ്റേർഡ് യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് |
| അടങ്കൽ/ചെലവ് | ₹50000/- ₹47528/- |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം |
| ചെലവ് വിവരം ബിൽ നംപർ/തീയതി | 13/9.7.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം ₹47528/- വിലവരുന്ന ഉപകരണങ്ങൾക്ക് കോസ്മോസ് സ്പോർട്സ് വേൾഡ്, വങ്കാരത്ത് ടവർ, ഇടപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമായ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഉൾച്ചേർത്തിട്ടുള്ളത്. സ്ഥാപനത്തിന്റെ ബില്ല്, ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം, വിതരണ രേഖകൾ, സ്പോർട്സ് ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല. അവശ്യ രേഖകളുടെ അഭാവത്തിൽ പ്രോജക്ട് നടത്തിപ്പിനായി ചെലവുചെയ്ത ₹47528/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2019-2020 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് , കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് ഇടൽ | 21900002/ 31-03-2020 | 5500 | 0 | 5500 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-S157/2020 | 21900478/ 31-03-2020 | 1075000 | 0 | 1075000 |
| | ആകെ | | 1080500 | | 1080500 |

മേൽപ്പറഞ്ഞ പ്രകാരം നിക്ഷേപിക്കപ്പെട്ട തുക ബന്ധപ്പെട്ട പ്രൊജക്ടുകൾക്കായി ചെലവഴിക്കപ്പെട്ടതായുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ആകെ നിക്ഷേപിച്ച ചെലവ് തുക 10,80,500/- രൂപ തടസ്സപ്പെടുത്തുന്നു.

മുൻവർഷങ്ങളിലും കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന പ്രൊജക്ടുകൾക്കായി നിക്ഷേപിച്ച തുകയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക 31/03/2019 വരെ |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. 016/16) | 21500881/ 08-03-2016 | 383670 | 0 | 383670 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. 153/17) | 21600941/ 28-03-2017 | 1018300 | 0 | 1018300 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. 012/18) | 21701110/ 31-03-2018 | 1577235 | 0 | 1577235 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. 135/19) | 21801141/ 31-03-2019 | 1100000 | 0 | 1100000 |
| | ആകെ | | 4079205 | 0 | 4079205 |
| കേരളവാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രൊ.നം. 145/17) | 21600944/ 02/03/2017 | 90,000 | 0 | 90,000 |
| | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രൊ.നം. 146/17) | 21600983/ 13/03/2017 | 73000 | 0 | 73000 |
| | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രൊ.നം. 147/17) | 21600997/ 13/03/2017 | 118000 | 0 | 118000 |

| | | | | |
|---|---|---|---|---|
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രൊ.നം. 154/17) | 21601107/ 28/03/2017 | 120000 | 0 | 120000 |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രൊ.നം. 066/18) | 21701220/ 31/03/2018 | 700000 | 0 | 700000 |
| ആകെ | | 11,01,000 | 0 | 11,01,000 |

മുൻവർഷങ്ങളിലെയും, 2019-2020 സാമ്പത്തിക വർഷം നിക്ഷേപിച്ചതും ഉൾപ്പെടെ KSEB-യിൽ 40,84,705/-രൂപയും, KWAയിൽ 21,76,000/- രൂപയും 31/03/2020 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പുണ്ട്.

## 1-26 കിണർ റീചാർജ്ജിംഗ് - തൊഴിലുറപ്പ് പദ്ധതി സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് , നമ്പർ | കിണർ റീചാർജ്ജിംഗ് S0137/20 |
| അടങ്കൽ തുക | 2,23,200/- (Central Finance Commission Grant)<br>25,600/- (Beneficiary Contribution)<br>12,50,000/- |
| ചെലവ് തുക | 2,23,200/- (Central Finance Commission Grant) |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ |

2018-2019 സാമ്പത്തികവർഷം ആസൂത്രണം ചെയ്ത് 2019-2020ൽ പഞ്ചായത്തിൽ നടപ്പാക്കിയ "കിണർ ചാർജ്ജിംഗ്" എന്ന പ്രൊജക്റ്റിൽ 2,23,200/- രൂപ ചെലവാക്കിയതായി കാണുന്നു. 32 പേർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം നല്കിയത്. ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നം. 18/19-20 നല്കിയിരുന്നു.

08.11. 2018 ലെ സ.ഉ( സാധാ.) നം. 2867/2018/ ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം കിണർ റീചാർജ്ജിംഗ് പ്രൊജക്റ്റുകൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പാക്കണമെന്ന നിബന്ധന പാലിച്ചതായി കാണുന്നില്ല. ഈ പദ്ധതി 2018-19 സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ചതിനാലും, ഈ പഞ്ചായത്തിലെ MGNREGS എൻജിനീയറിംഗ് വിഭാഗത്തിന് ഇതിനുള്ള സാങ്കേതി പരിജ്ഞാനം ലഭ്യമല്ലാത്തതിനാലും ടി നിബന്ധന പാലിക്കാനായില്ല എന്നാണ് കൃഷി ഓഫീസർ നല്കിയ മറുപടിയിൽ വിശദീകരിച്ചിരിക്കുന്നത്.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയും പ്രകാരം 3 ബില്ലുകളിലായാണ് തുക ചെലവഴിച്ചിരിക്കുന്നത്

| ക്രമ നമ്പർ | ട്രഷറി ബിൽ നം./ തീയതി | ബിൽ തുക |
|---|---|---|
| 1 | 01/19-20 12/06/2019 | 72,000 |
| 2 | 02/19-20 12/06/2019 | 72,000 |
| 3 | 03/19-20 12/06/2019 | 79,200 |
| | ആകെ | 2,23,200 |

പദ്ധതിയുടെ സാമ്പത്തികവിശകലനത്തിൽ ഗുണഭോക്തൃ വിഹിതമായി 25,600/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ഈയിനത്തിൽ ചെലവ് തുക രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃ വിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ട് എന്തുകൊണ്ട് ടി വിഹിതം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയില്ല എന്നും വിശദീകരിക്കപ്പെട്ടിട്ടില്ല.

08.11.2018 ലെ സ.ഉ( സാധാ.) നം. 2867/2018/ ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. റീ ചാർജ്ജ് ചെയ്യാനുള്ള കിണറുകൾ ഒരു സമഗ്രമായ സർവ്വേയിലൂടെ

കണ്ടെത്തേണ്ടതാണ്. ജലഗ്രാമസഭകൾ നടത്തുക, റീ ചാർജ്ജ് ചെയ്യേണ്ട കിണറുകളുടെ എണ്ണം വാർഡ്-പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുക, സാങ്കേതികപരിജ്ഞാനം നല്കാവുന്ന ഏജൻസികളിൽ നിന്ന് ആവശ്യമായ സാങ്കേതികസഹായവും, പരിശീലനവും തേടുക തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി നടത്താവുന്നതാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതി- കരാറുകാരനിൽ നിന്ന് ജി എസ് ടി- ടി ഡി എസ് കുറവുചെയ്തില്ല.

2019-20 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മെറ്റീരിയൽ, ലേബർ എന്നിവ സപ്ലൈ ചെയ്യുന്നതിനായി റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ളതായും തൻവർഷം ചെലവായ തുകയിൽ 18.18 ലക്ഷം രൂപ ഈ ഇനങ്ങളിൽ ചെലവായിട്ടുള്ളതായും കാണുന്നു.

കോൺട്രാക്ടർമാർക്ക് നൽകിയ തുകയുടെ വിശദാംശങ്ങളും ജി എസ് ടി കുറവു ചെയ്തിട്ടുണ്ട് എങ്കിൽ അതിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-01-22ലെ ഓഡിറ്റ് എൻക്വയറി നം 12 ലഭ്യമാക്കിയ മറുപടി പ്രകാരം താഴെ ചേർത്ത കരാറുകാരന് തൻവർഷം രണ്ടര ലക്ഷത്തിലധികം തുക കൈമാറിയിട്ടുണ്ട് എങ്കിലും ജി എസ് ടി കുറവു ചെയ്തിട്ടില്ല. വിവിധ പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നതിനായി കരാറുകാരനുമായി ഒരു റേറ്റ് കോൺട്രാക്ടിലാണ് ഏർപ്പെട്ടിട്ടുള്ളത്.

| പേര് | നൽകിയ തുക | ജി എസ് ടി -ടി ഡി എസ് കുറവ് ചെയ്യേണ്ട തുക |
|---|---|---|
| തോമസ് എസ് ഐ | 939620 | 18792 |

കരാറുകാരനിൽ നിന്ന് തുക ഈടാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്.

.

## 1-28 ക്യാൻസർ വിമുക്ത എറണാകുളം-പദ്ധതി സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ക്യാൻസർ മുക്ത എറണാകുളം ജില്ല എന്ന പദ്ധതിയിലേക്ക് (പ്രോജക്ട് നം-02/20 അടങ്കൽ-100000/-) 28930/- രൂപ(ബിൽ നം-15/19-20 തീ 31-3-20) വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭക്ഷണം, ഹാൾ അറേൻജ്മെന്റ് എന്നീ ഇനങ്ങളിലായാണ് തുക ചെലവഴിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖ അനുസരിച്ച് ബോധവൽക്കരണ പരിപാടികൾക്ക് മാത്രമായി പ്രോജക്ട് അനുവദനീയമല്ല. (സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ, തീയതി-29.01.2018, ഖണ്ഡിക-7.7.2.3). (സർക്കാർ ഉത്തരവ് (കൈ)നം.22/2018/,ത.സ്വ.ഭ.വ, തീയതി. 14.02.2018, ഖണ്ഡിക-8.4).എന്നാൽ ക്യാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധന ക്യാമ്പുകൾ നടത്താവുന്നതും അതിനോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാവുന്നതുമാണ്(മാർഗരേഖ.ഖണ്ഡിക7.7.)
പരിശോധന ക്യാമ്പുകൾ നടത്താതെ മാർഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ബോധവൽക്കരണ ക്ലാസ് മാത്രം സംഘടിപ്പിച്ച് പദ്ധതി പണം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-1-21ലെ എൻക്വയറി നം. 14 ന് ആരോഗ്യ വകുപ്പിന്റെ 2017-18 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 16-2-2017-ൽ പി എച്ച് സി യിലും 17-2-2018 പഞ്ചായത്ത് 3ാം വാർഡിലും ക്യാൻസർ പരിശോധന ക്യാമ്പുകൾ നടത്തിയിരുന്നതിനാലാണ് വീണ്ടും പരിശോധന ക്യാമ്പുകൾ നടത്താതിരുന്നത് എന്ന മറുപടി തൃപ്തികരമല്ല. പദ്ധതി ചെലവുകൾ ആവശ്യാനുസരണം മാത്രം ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതുമുണ്ട്. ആയതിനാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രം പദ്ധതി പണം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഐ സി ഡി എസ് ഓഫീസർ നടപ്പിലാക്കിയ പദ്ധതി-

ഐ സി ഡി എസ് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം So/170/19-20 (അടങ്കൽ 500000/- വികസന ഫണ്ട്-ജനറൽ, ചെലവ്-494812/-) ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ എന്ന പദ്ധതിക്കായി 494812/ രൂപ ചെലവായിട്ടുള്ളതായി കാണുന്നു (ബിൽ നം 4/19-20 തീ 7-8-2019). പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും ചെലവുരേഖകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 18-01-2022 ലെ ഓഡിറ്റ് എൻക്വയറി നം 18 ന് മറുപടി നൽകിയില്ല. ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ

494812/ രൂപ തടസ്സപ്പെടുത്തുന്നു.

1-30 പ്രവൃത്തി ചെയ്യാൻ വൈകിയത് കാരണം വ്യക്തമല്ല.

താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കാലതാമസം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

1.

| | |
|---|---|
| പ്രവൃത്തി | വൈ എം എ ലിങ്ക് റോഡ് റിടാറിംഗ് വാർഡ് - 16 |
| പ്രൊജക്ട് | 163/20 |
| എസ്റ്റിമേറ്റ് | 5,40,000/- |
| കരാറുകാരൻ | മേരി സദൻ |
| എം. ബുക്ക്. | 151/18-19 |
| T .S | LSGD/TS/2017-18/123021 Dtd 24-10-17 |
| Agreement | 46/AE/LSGD Dated 16-3-18 |
| ആകെ ചെലവ് | 4,89,752/- |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 735 മീറ്റർ റോഡ് റിടാറിംഗ് ചെയ്യുകയാണ് പ്രവൃത്തി. എംബുക്ക് പ്രകാരം 643 മീറ്റർ റോഡ് റിടാറിംഗ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പ്രൊജക്ട് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടെന്റർ ക്ഷണിച്ചതും ലഭിച്ചതുമായ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. 24/10/17- ൽ T S ലഭിച്ച പ്രവൃത്തിക്ക് സ്റ്റാമ്പ് പേപ്പർ വാങ്ങിയത് T S ലഭിക്കുന്നത് മുമ്പ് 5-10-17- ലാണ്. 24-10-17 – ൽ T S ലഭിച്ച പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചത് 16-3-18- ലാണ്. എഗ്രിമെന്റ് വെച്ച് ഒരു വർഷം കഴിഞ്ഞ് 18-3-19 – ലാണ് പ്രവൃത്തി ആരംഭിക്കുന്നത്. ഈ പ്രവൃത്തി ഇത്രയും വൈകാനുള്ള കാരണം ഒന്നും ഫയലിൽ ലഭ്യമല്ല. ഈ പ്രവൃത്തിക്കായി ബിറ്റുമിൻ വാങ്ങിയ ബില്ല് ഫയലിൽ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ടി പ്രവൃത്തിയുടെ പ്രൊജക്ട് റിപ്പോർട്ട്, ടെന്റർ ക്ഷണിച്ചതിന്റെ രേഖകൾ എല്ലാം ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തി കരാറിൽ എർപ്പെട്ട ശേഷം കരാറുകാരന് ആരോഗ്യ പ്രശ്നങ്ങൾ (കിഡ്നി സംബന്ധമായ) കക്ഷിക്ക് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രവൃത്തികൾ സമയത്തിന് പൂർത്തിയാക്കേണ്ടതും, പ്രവൃത്തി വൈകാനുള്ള കാരണങ്ങൾ എല്ലാം ഫയലിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

2.

| | |
|---|---|
| പ്രവൃത്തി | നാല് സെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് |
| പ്രൊജക്ട് | 168/19-20 |
| എസ്റ്റിമേറ്റ് | 4,00,000/- |
| കരാറുകാരൻ | എം എസ് വർഗ്ഗീസ് |
| എം. ബുക്ക്. | 751/17-18 |
| T .S | LSGD/TS/2017-18/66720 Dtd 6-8-17 |
| Agreement | 7/AE/LSGD Dated 17-10-17 |
| ആകെ ചെലവ് | 3,99,102/- |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 177 മീറ്റർ റോഡ് കോൺക്രീറ്റിംഗ് ചെയ്യുകയാണ് പ്രവൃത്തി. എം.ബുക്ക് പ്രകാരം 153.4 മീറ്റർ റോഡ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. 6-8-17- ൽ T S ലഭിച്ച പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചത് 17-10-17 ലാണ്. എഗ്രിമെന്റ് വെച്ച് ഒന്നര വർഷം കഴിഞ്ഞ് 20-2-19 – ലാണ് പ്രവൃത്തി ആരംഭിക്കുന്നത്. ഈ പ്രവൃത്തി ഇത്രയും വൈകാനുള്ള കാരണം ഒന്നും ഫയലിൽ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ഈ പ്രവൃത്തിയിൽ റോഡിന്റെ വീതി കൂട്ടുന്നത് സംബന്ധിച്ച തർക്കം ഉണ്ടാകുകയും എന്നാൽ വീതി കൂട്ടുന്നതിന് ഒരു കക്ഷി സ്ഥലം വിട്ടുകൊടുക്കാതിരുന്നതും കാരണമാണ് ഈ പ്രവൃത്തി വൈകിയത് എന്നുമാണ് അറിയിച്ചത്.

മറുപടി പൂർണ്ണമല്ല എം ബുക്ക് പ്രകാരം പ്രവൃത്തി തുടങ്ങുന്നത് തന്നെ എഗ്രിമെന്റ് വെച്ച് ഒന്നര വർഷം

കഴിഞ്ഞാണ്. ആയതിനാൽ സമയത്തിന് പ്രവൃത്തി തുടങ്ങിയിരുന്നോ എന്ന് വ്യക്തമല്ല. ഈ പ്രവൃത്തി ഇത്രയും വൈകാനുള്ള കാരണം ഒന്നും ഫയലിൽ ലഭ്യമല്ല.

പ്രവൃത്തി വൈകാനുള്ള കാരണങ്ങൾ എല്ലാം ഫയലിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രവൃത്തി വൈകിയതിന് പിഴ പലിശ ഈടാക്കിയിട്ടില്ല. പിഴ പലിശ ഈടാക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രവൃത്തി | പുളിയനം ലിങ്ക് റോഡ് മുരിക്കൻകണ്ട് റോഡ് റിടാറിംഗ് വാർഡ് - 9 |
| പ്രൊജക്ട് | 165/19-20 |
| എസ്റ്റിമേറ്റ് | 5,15,000/- |
| കരാറുകാരൻ | പി എസ് പോൾ |
| എം. ബുക്ക്. | 152/18-19 |
| T .S | LSGD/TS/2017-18/66672 Dtd 4-8-17 |
| Agreement | 42/AE/LSGD Dated 9-3-18 |
| ആകെ ചെലവ് | 3,97,641/- Bill No. 25, 5-4-19 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 572 മീറ്റർ റോഡ് റിടാറിംഗ് ചെയ്യുകയാണ് പ്രവൃത്തി. എംബുക്ക് പ്രകാരം 100.7 മീറ്റർ റോഡ് മെറ്റലിംഗ് ചെയ്ത് ടാറിംഗ് ചെയ്യുകയും 137 മീറ്റർ റോഡ് റീടാറിംഗും ചെയ്തിട്ടുണ്ട്. 4-8-17 – ൽ T S ലഭിച്ച പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചത് 19-3-18- ലാണ്. എഗ്രിമെന്റ് വെച്ച് ഒരു വർഷം കഴിഞ്ഞ് 28-2-19 – ലാണ് പ്രവൃത്തി ആരംഭിക്കുന്നത്. ഈ പ്രവൃത്തി ഇത്രയും വൈകാനുള്ള കാരണം ഒന്നും ഫയലിൽ ലഭ്യമല്ല. ഈ പ്രവൃത്തിക്കായി ബിറ്റുമിൻ വാങ്ങിയ ബില്ല് ഫയലിൽ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ഈ പ്രവൃത്തിയിൽ പ്രവൃത്തി നടക്കുന്ന വേളയിൽ റിടാറിംഗ് പ്രൊപോസ് ചെയ്ത ഭാഗത്ത് കട്ട വിരിക്കണം എന്ന് ആവശ്യപ്പെട്ട് നാട്ടുകാർ പ്രവൃത്തി തടയുകയും അവരുടെ ആവശ്യ പ്രകാരം കുറച്ച് സ്ഥലം ഒഴിവാക്കി റിടാറിംഗ് ചെയ്യുകയായിരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മറുപടി പൂർണ്ണമല്ല എം ബുക്ക് പ്രകാരം പ്രവൃത്തി തുടങ്ങുന്നത് തന്നെ എഗ്രിമെന്റ് വെച്ച് ഒരു വർഷം കഴിഞ്ഞാണ്. ആയതിനാൽ സമയത്തിന് പ്രവൃത്തി തുടങ്ങിയിരുന്നോ എന്ന് വ്യക്തമല്ല. ഈ പ്രവൃത്തി ഇത്രയും വൈകാനുള്ള കാരണം ഒന്നും ഫയലിൽ ലഭ്യമല്ല. കാരണമില്ലാതെ പ്രവൃത്തി വൈകിയതിന് പിഴ പലിശ ഈടാക്കേണ്ടതാണ്.

## 1-31 ഹെഡ് മാസ്റ്റർ ഗവൺമെന്റ് യു പി സ്കൂൾ നടപ്പിലാക്കിയ പദ്ധതി-വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല.

ഹെഡ്മാസ്റ്റർ ഗവൺമെന്റ് യു പി സ്കൂൾ നടപ്പിലാക്കിയ പ്രോജക്ട് നം 50/20 സർവ്വശിക്ഷ അഭിയാൻ (അടങ്കൽ-1163700/, വികസന ഫണ്ട് -ജനറൽ, ചെലവ്-1163700/) എന്ന പദ്ധതിക്കായി 1163700/-രൂപ (ബിൽനം 1/2019-20 തീ 6-9-2019) എസ് എസ് കെ ജില്ലാ പ്രോജക്ട് ഓഫീസിലേക്ക് അടവാക്കിയിട്ടുള്ളതാണ്. (1/2019-20 6-9-2019) ഈ തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-01-2022 ലെ ഓഡിറ്റ് എൻക്വയറി നം 17 ന് മറുപടി നൽകിയില്ല.

വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 11,63,700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം ചെയ്ത 10 പ്രോജക്റ്റുകളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമായില്ല. ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് റിക്വിസിഷൻ 14.1.2022 ൽ

നൽകിയതിനെ തുടർന്ന് 6 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കി. അതിൽ പലതിലും പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ശേഷിച്ച 4 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഹാജരാക്കാത്ത ഫയലുകളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | ഫണ്ടിനം | ചെലവ് തുക |
|---|---|---|
| 27/20 അങ്കണവാടി അധികവേതനം | പൊതുവിഭാഗം സാധാരണ വിഹിതം | 700000/- |
| 135/20 മാലിന്യ നിർമ്മാർജ്ജനം ഉപയോഗശൂന്യമായ പാഴ്വസ്തുക്കൾ സംസ്കരിക്കുന്നതിനായി നീക്കം ചെയ്യുന്നതിനുള്ള പദ്ധതി | ധനകാര്യ കമ്മീഷൻ അവാർഡ് | 125000/- |
| 141/20 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി | ധനകാര്യ കമ്മീഷൻ അവാർഡ് തനത് ഫണ്ട് | 150000/- 400000/- |
| 157/20 കുടിവെള്ള പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ അവാർഡ് | 1075000/- |
| ആകെ ചെലവ് തുക | | 2450000/- |

ഓഡിറ്റിനായി ഫയലുകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 2450000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

## 1-33 ഓഡിറ്റ് ഇംപാക്ട് -ഔട്ട്ഡോർ കളക്ഷൻ തുക 1000 രൂപ അടവാക്കി

ഔട്ട്ഡോർ കളക്ഷനിൽ കുറവ് വന്ന 1,000 രൂപ (രസീത് നം.24,25) ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ (നം.1/12.01.2022) രസീത് നം.121010103241 പ്രകാരം അടവാക്കി.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 10.01.2022 മുതൽ 21.01.2022 | 2019-2020 വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയത്. |

അപാകതകൾ ഖണ്ഡിക 1-2-1 ൽ ചേർത്തിട്ടുണ്ട്.

## 4-2 സംയുക്ത പ്രൊജക്റ്റുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2019-20 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 929000 | ലൈഫ് ഭവന പദ്ധതി | 0 | 929000 |
| | 2019-20 | 234913 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള പഠനസഹായം | 234913 | 0 |
| | ആകെ | 1163913 | | 234913 | 929000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 501500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 501500 | 0 |
| | 2019-20 | 200000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 200000 | 0 |
| | 2019-20 | 1800000 | ലൈഫ് ഭവന പദ്ധതി-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 1800000 | 0 |
| | ആകെ | 2501500 | | 2501500 | 0 |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2019ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2020ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | | 2019-20 വരവ് | | | | ചെലവ് | | | | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | മുൻവർഷങ്ങളിലെ മുന്നിരുപ്പ് | RP-31 | RP-7 | ആകെ തൻവർഷം വരവ് | ആകെ വരവ് (മുന്നിരുപ്പ് + തൻവർഷം) | TSB A/C ൽ നിന്ന് ചെലവഴിച്ചത് | നേരിട്ട് ചെലവഴിച്ചത് RP-7 | ആകെ ചെലവ് | ആകെ ചെലവ് (I-6 പ്രകാരം ) | അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിൽ ബാക്കി B4 ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴിച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് | 993355 | 929000 | 234913 | 1163913 | 2157268 | 480175 | 234913 | 715088 | 715088(*) | 1442180 | 0 |
| ജില്ലാ പഞ്ചായത്ത് | 201525 | 0 | 2501500 | 2501500 | 2703025 | 201525 | 2501500 | 2703025 | 2703025 | 0 | 0 |

(*) മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച ഫണ്ടിൽ 01.04.2019 ൽ മുന്നിരിപ്പുണ്ടായിരുന്ന 993355/- രൂപയിൽ 480175/-അംഗൻവാടി നിർമ്മാണത്തിനായി ചെലവഴിച്ചതിനാൽ ടി തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ചെലവിൽ 480175/- കുറച്ച് മാത്രമേ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റിൽ കാണാനാവൂ. അതായത് 234913/- (715088-480175)രൂപ മാത്രമേ I-6 ൽ ചെലവായി രേഖപ്പെടുത്തപ്പെടുന്നുള്ളൂ.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് ഇടൽ | 21900002/ 31-03-2020 | 5000 | 0 | 5500 |
| | ആകെ | | 5500 | 0 | 5500 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- S157/2020 | 21900478/ 31-03-2020 | 1075000 | 0 | 1075000 |
| | ആകെ | | 1075000 | | 1075000 |

മുൻവർഷങ്ങളിലെയും, 2019-2020 സാമ്പത്തിക വർഷം നിക്ഷേപിച്ചതും ഉൾപ്പെടെ KSEB-യിൽ 40,84,705/-രൂപയും, KWAയിൽ 21,76,000/- രൂപയും 31/03/2020 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി.വായ്പയിനത്തിൽ 19,60,000/-രൂപയുടെ വരവുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ.യു.ആർ.ഡി. എഫ്.സി.ലോൺ | സ.ഉ.(എം.എസ്) നം 68/2018 /തസ്വഭവ തീയതി 18.05.18 | 90,60,000 | 51,40,000 | 6,61,765 | - | 64,38,235 |

കെ.യു.ആർ.ഡി. എഫ്.സി.വായ്പായിനത്തിൽ 2019-2020 സാമ്പത്തികവർഷം 19,60,000/- രൂപ കൂടി ലഭ്യമായിരുന്നു. ആയതിനാൽ 01.04.2019ൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയായ 51,40,000/- രൂപയുടെ കൂടെ തൻവർഷം ലഭ്യമായ വായ്പാ ഗഡു തുക കൂടി ഉൾപ്പെടുത്തി 71,00,000/- രൂപയായി മാറിയിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീതി നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 2.2 | 2500/- | SBI കൊറ്റമം | 119010400002/ 17.4.2019 |
| ആകെ | | | 2500/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ഏതാനും സ്ഥാപന ങ്ങളുടെ ഒഴികെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട് |
| 2018-19 | 1-16 | 2019-20 | 4 | നക്ഷത്ര തടാകം കാർണിവൽ 2018 സർക്കാർ അനുമതിയില്ലാതെ ഏറ്റെടുത്ത് നടത്തി - നടത്തിപ്പിൽ ഗുരുതര അപാകതകൾ | സർക്കാർ സാധൂകരണ ത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,92,86,475 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,73,22,356 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 59,06,828 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1429317 | ശ്രീ.അബ്ദുൾ ജലീൽ കെ എം, സെക്രട്ടറി |
| 1-19 | 37306 | ശ്രീ.അബ്ദുൾ ജലീൽ കെ എം, സെക്രട്ടറി |
| 1-20 | 12000 | ശ്രീ.സുനിൽ കുമാർ കെ.യു. സെക്രട്ടറി ഇൻ ചാർജ് |
| 1-22 | 300000 | ശ്രീ.സുനിൽ കുമാർ കെ.യു. സെക്രട്ടറി ഇൻ ചാർജ് |
| 1-23 | 55365 | ശ്രീ.അബ്ദുൾ ജലീൽ കെ എം, സെക്രട്ടറി |
| 1-24 | 47528 | ശ്രീ.അബ്ദുൾ ജലീൽ കെ എം, സെക്രട്ടറി |
| 1-25 | 1080500 | ശ്രീ.അബ്ദുൾ ജലീൽ കെ എം, സെക്രട്ടറി |
| 1-29 | 494812 | ശ്രീമതി.ഡിന്ന പി ഡേവിസ് |
| 1-33 | 2450000 | ശ്രീ.അബ്ദുൾ ജലീൽ കെ എം, സെക്രട്ടറി |
| ആകെ | 5906828 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നം. | തുക |
|---|---|

| | |
|---|---|
| 1-27 | 18,792/- |

.

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദുൾ ജലീൽ കെ എം, സെക്രട്ടറി | സെക്രട്ടറി, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | പുന്നൂർകോട്ട ( വീട് ) തോട്ടക്കാട്ടുകര.പി.ഒ ആലുവ |
| | | |

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദുൾ ജലീൽ കെ എം, സെക്രട്ടറി | സെക്രട്ടറി, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | പുന്നൂർകോട്ട ( വീട് ) തോട്ടക്കാട്ടുകര.പി.ഒ ആലുവ |
| ശ്രീമതി.ഡിന്ന പി ഡേവിസ് ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1A, RDS ഫ്ലെയർ, ഇടപ്പള്ളി രാഘവൻ പിള്ള റോഡ്, എളമക്കര |
| ശ്രീ സുനിൽ കുമാർ കെ.യു. സെക്രട്ടറി ഇൻ ചാർജ് | അസിസ്റ്റന്റ് സെക്രട്ടറി കുഴൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണമന്ദിരം, മേക്കാട് പി.ഒ. അങ്കമാലി |

.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി-5 -1919/07/11.02.2009 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.പി-3-1158/97/28.01.2009 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി-4-281/19.10.2000 |
| 1998-99(ചെലവ്) | എൽ.എഫ്.ഇ-പി4-859/2005 06.12.2006 |
| 1998-99 | എൽ.എഫ്.ഇ-പി-4-1922/2007/18.09.2008 |
| 1999-00 | എൽ.എഫ്.ഇ-പി4-1923/2007/18.09.2008 |
| 2000-01 | എൽ.എഫ്.ഇ-പി-4-1770/2008/07.12.2009 |
| 2001-02 | എൽ.എഫ്.ഇ-പി-4-1382/2003/03.06.2003 |
| 2002-03 | എൽ.എഫ്.ഇ-പി-4-234/2007/13.11.2007 |
| 2003-04 | എൽ.എഫ്.ഇ-പി-4-1771/08/07.12.2008 |
| 2004-05 | എൽ.എഫ്.ഇ-പി-4-1772/08/07.12.2008 |
| 2008-09 | എൽ.എഫ്.ഇ-പി-4-1661/2009/16.03.2010 |
| 2007-08,2009-10, 2010-11 | എൽ.എഫ്.ഇ-പി-4-1399/12 09.11.2012 |
| 2011-12 | എൽ.എഫ്.ഇ-പി-4- 645/13 29.05.13/13.06.13 |

| | |
|---|---|
| 2012-13, 2013-14 | എൽ.എഫ്.ഇ-പി-4- 1903/14/ 30.12.14 |
| 2014-15 | കെ.എസ്.എ(ഇ കെ എം)പി4- 1351/16/ 04.08.16. |
| 2015-16 | കെ.എസ്.എ.ഇ കെ എം(പി4) 8/2017/25.01.2017 |
| 2016-17 | കെ.എസ്.എ.ഇ കെ എം(പി4) 1909/2017/03.11.2017 |
| 2017-18 | കെ.എസ്.എ.ഇ കെ എം(പി4) 148/2019/12.03.2019 |
| 2018-19 | കെ.എസ്.എ.ഇ കെ എം(പി4) 244/2020/16.03.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്